# മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

DST-INSPIRE ഗവേഷകരുടെ എച്ച്.ആർ.എ. വിതരണം - 01.07.2017-നു മുമ്പ് കൈപ്പറ്റിയ 20% എച്ച്.ആർ.എ. യുടെ ക്രമീകരണം - ഫെലോഷിപ്പ് വിതരണത്തിനായി ഗവേഷക വിദ്യാർത്ഥികളുടെ പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 09.08.2018-ലെ സിൻഡിക്കേറ്റ് തീരുമാനം ഉത്തരവാകുന്നു.

---

**ആസൂത്രണവും വികസനവും – 2 സെക്ഷൻ**

**യു.ഒ.നം. 6404/പി & ഡി-2/2/2018/ഭരണവിഭാഗം** തീയതി: 03.09.2018

പരാമർശം:-

1. 06.09.2017-ലെ ഡി.എസ്.റ്റി. ഉത്തരവ് നം. DST/Inspire Fellowship/IF 140973
2. സർവകലാശാലാ കത്ത് നം. 654/പി & ഡി-2/2/2017 തീയതി 08.12.2017.
3. 28.03.2018-ൽ Inspire ഗവേഷകർ സമർപ്പിച്ച നിവേദനം.
4. 30.06.2018-ലെ സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം. നം. ഒ.എ. 37/18.05/181685.
5. 09.08.2018-ലെ സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം. നം. 97/18.06/181915.

**ഉത്തരവ്**

DST-INSPIRE ഫെലോഷിപ്പിന്റെ വിതരണവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം ഡി.എസ്.റ്റി. പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം നിഷ്കർഷിക്കുകയുണ്ടായി.

1. ഫെലോഷിപ്പ് തുക പലിശ ലഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും ഗവേഷണ കേന്ദ്രം INSPIRE പ്രോജക്ടിനായി പ്രത്യേകം കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്. ഫെലോഷിപ്പ് തുകയ്ക്ക് ലഭിക്കുന്ന പലിശ വരവു ചെലവുകണക്കുകളിൽ ഉൾപ്പെടുത്തി ഡി.എസ്.റ്റി.യെ അറിയിക്കേണ്ടതാണ്. പലിശതുക തുടർന്നുള്ള ഫെലോഷിപ്പ് ഗഡുക്കളിൽ വകയിരുത്തുന്നതാണ്.
2. 01.07.2017 മുതൽ ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന് കേന്ദ്ര സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുള്ള നിരക്കിൽ മാത്രമേ വീട്ടു വാടക ബത്ത നൽകുവാൻ പാടുള്ളൂ.

പരാമർശം (2) പ്രകാരം ഡി.എസ്.റ്റി.യുടെ ഉത്തരവ് സർവകലാശാലയുടെ പഠന വകുപ്പ് മേധാവികളെ അറിയിക്കുകയും ഫെലോഷിപ്പ് വിതരണം ചെയ്യുന്നതിനും പലിശ തുക കണ്ടെത്തുന്നതിനായി റിസർച്ച് സൂപ്പർ വൈസറും ഗവേഷകനും ചേർന്ന് പ്രത്യേകം സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശം നൽകുകയുമുണ്ടായി. സംയുക്ത അക്കൗണ്ട് ആരംഭിക്കുന്നതിന് റിസർച്ച് സൂപ്പർവൈസർമാർ വിസമ്മതിച്ചതിനെത്തുടർന്ന് INSPIRE ഗവേഷകർ പരാമർശം (3) പ്രകാരം ചുവടെ കൊടുത്തിട്ടുള്ള ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വൈസ് ചാൻസലർക്ക് ഒരു നിവേദനം നൽകുകയുണ്ടായി.

1. 21.11.2012-ലെ സർവകലാശാലാ ഉത്തരവ് നം. 6457/പി ഡി-2/2/2012/ഭരണവിഭാഗം പ്രകാരം DST INSPIRE ഗവേഷകർക്ക് അർഹമായ എച്ച്.ആർ.എ. 10% ആണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ 20% നിരക്കിൽ DST എച്ച്.ആർ.എ. അനുവദിച്ച് നൽകുകയും ആയത് വിദ്യാർത്ഥികൾ കൈപ്പറ്റുകയും ഉണ്ടായിട്ടുണ്ട്. സർവകലാശാല മുഖേന DST-യിലേക്ക് അയക്കുന്ന വരവു ചെലവു കണക്കുകൾ, ധനവിനയോഗ പത്രം എന്നിവയിൽ 20% എച്ച്.ആർ.എ. കൈപ്പറ്റിയിട്ടുള്ളതായി കാണിക്കുകയും, ആയത് DST തടസ്സം

ഉന്നയിക്കാതെ അംഗീകരിച്ച് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം 2017 ജൂലായ് 1 മുതൽ നിലവിലെ 30%, 20%, 10% എച്ച്.ആർ.എ. നിരക്കുകൾ യഥാക്രമം 24%, 16%, 8% ആക്കി ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനാൽ 01.07.2017-ന് മുമ്പ് അനുവദനീയമായ എച്ച്.ആർ.എ.യെപ്പറ്റി വ്യക്തത വരുത്തണമെന്ന് വിദ്യാർത്ഥികൾ നിവേദനത്തിൽ ആവശ്യപ്പെടുകയുണ്ടായി.

2. ഫെലോഷിപ്പ് വിതരണത്തിനായി DST INSPIRE വിദ്യാർത്ഥികൾ സൂപ്പർവൈസറുമായി ചേർന്ന് സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന സർവകലാശാലയുടെ നിർദ്ദേശം ഗവേഷണം അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

പ്രസ്തുത വിഷയം 30.06.2018-ൽ കൂടിയ സിൻഡിക്കേറ്റ് പരിഗണിക്കുകയും, പരാമർശം (4) പ്രകാരം 'സർക്കാർ ഉത്തരവ് നടപ്പാക്കുവാൻ തീരുമാനിച്ചു' എന്ന തീരുമാനിക്കുകയും ഉണ്ടായി. പ്രസ്തുത തീരുമാനം നടപ്പില്ലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വൈസ് ചാൻസലറുടെ നിർദ്ദേശ പ്രകാരം ഫയൽ സിൻഡിക്കേറ്റിൽ പുനഃസമർപ്പിക്കുകയുണ്ടായി.

09.08.2018-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (4) പ്രകാരമുള്ള തീരുമാനം പുനഃ പരിശോധിക്കുകയും DST-INSPIRE ഗവേഷക വിദ്യാർത്ഥികളുടെ എച്ച്.ആർ.എ. വിതരണം, 01.07.2017-നു മുൻപ് കൈപ്പറ്റിയ 20% എച്ച്.ആർ.എ.യുടെ ക്രമീകരണം ഫെലോഷിപ്പ് വിതരണത്തിനായി ഗവേഷക വിദ്യാർത്ഥികളുടെ പേരിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം തീരുമാനം എടുക്കുകയും ഉണ്ടായി.

എ) ഫെലോഷിപ്പ് തുക അതതുമാസം മാത്രമേ വിദ്യാർത്ഥികൾ പിൻവലിക്കാൻ പാടുള്ളൂ. മുൻകൂറായി തുക പിൻവലിക്കാൻ പാടില്ല. നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുടർന്നുള്ള ഗഡുക്കൾ വിതരണം ചെയ്യുന്നതല്ല.

ബി) തൻ വർഷം അക്കൗണ്ടിൽ ലഭിക്കുന്ന പലിശ തുക അതത് ഗഡുക്കളുടെ വരവു ചെലവു കണക്കുകളിലും, ധനവിനിയോഗ പത്രികയിലും ഉൾപ്പെടുത്തി ഡി.എസ്.റ്റി.യ്ക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് അനുബന്ധമായി മേൽ പറഞ്ഞ രേഖകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

സി) ഗവേഷണ വിദ്യാർത്ഥി ഗവേഷണ പ്രവർത്തനത്തിൽ നിന്നും ഇടയ്ക്കുവച്ചു വിടുതൽ ചെയ്യുന്ന പക്ഷം അക്കൗണ്ടിൽ ലഭിച്ച തുക പലിശ സഹിതം സർവകലാശാലയിലേക്ക് അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) വാർഷിക കണ്ടിജന്റ് ഗ്രാന്റ് സർവകലാശാലയിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പിൻവലിക്കാൻ പാടുള്ളൂ. ആയതിനായി വാർഷിക ചെലവു കണക്കുകളും അനുബന്ധമായി അസ്സൽ ബില്ലുകളും ഉചിതമാർഗ്ഗേണ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

ഇ) (1) 01.07.2017 മുതൽ 8 % നിരക്കിൽ മാത്രമേ എച്ച്.ആർ.എ. സ്വീകരിക്കാൻ പാടുള്ളൂ.

(2) എന്നാൽ, ഗവേഷണ കാലാവധി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഡി.എസ്.റ്റി.യിൽ നിന്നു ലഭിക്കുന്ന കുടിശ്ശിഖ ഫെലോഷിപ്പ് തുക നിലവിലെ സമ്പ്രദായത്തിൽ (ഡിപ്പാർട്ട്മെന്റ് മേധാവി മുഖേന) തന്നെ വിതരണം ചെയ്യാവുന്നതാണ്.

(3) 01.07.2017-നു മുമ്പ് 20% നിരക്കിൽ എച്ച്.ആർ.എ. കൈപ്പറ്റിയതായി കാണിച്ചിട്ടുള്ള വരവു ചെലവു കണക്കുകളും ധനവിനിയോഗ പത്രവും തടസ്സം കൂടാതെ ഡി.എസ്.റ്റി. അംഗീകരിക്കുകയും തുടർന്നുള്ള ഗഡുക്കൾ വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ളതുമായ സാഹചര്യത്തിൽ, 01.07.2017-നു മുമ്പ് വിദ്യാർത്ഥികൾ എച്ച്.ആർ.എ. ഇനത്തിൽ കൈപ്പറ്റിയ തുകയ്ക്ക് ഡി.എസ്.റ്റി.യിൽ നിന്നും അംഗീകാരം വാങ്ങി കെ.എസ്.എ.ഡി.യുടെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകാവുന്നതാണ്.

റിസർച്ച് സൂപ്പർവൈസറുമായി ചേർന്ന് സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്ത DST INSPIRE ഗവേഷകർ ഉചിതമാർഗ്ഗേണ സ്വന്തം പേരിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും, വിശദാംശങ്ങൾ പി & ഡി-2 സെക്ഷനിൽ സമർപ്പിക്കേണ്ടതുമാണ്.

09.08.2018-ലെ സിൻഡിക്കേറ്റ് തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

ഒപ്പ്
റോജൻ ജോസ്
അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം) -3
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വകുപ്പു മേധാവികൾ
2. DST-INSPIRE ഗവേഷക വിദ്യാർത്ഥികൾ
3. വി.സി, പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
5. എ.സി.സി. സെക്ഷൻ
6. ജനറൽ കാഷ്
7. എ.ഡി.ഡി. സെക്ഷൻ
8. ഫിനാൻസ് IV /ആഡിറ്റ് V
9. സി.എം.എസ്/ഐ.ക്യു.എ.സി.
10. കെ.എസ്.എ.ഡി./ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
11. റെക്കോർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: 654/പി & ഡി-1/2/2017/ഭരണവിഭാഗം